

# എടമുട്ടം
# ക്രൈസ്റ്റ് കിങ്ങ് ഇടവക

തൃശ്ശൂർ രൂപതയിലെ വലപ്പാട് പള്ളി ഇടവകക്കാരായിരുന്നു, എടമുട്ടത്തെ കത്തോലിക്കർ. അകലെയുള്ള ഇടവകപ്പള്ളിയിൽ പോയി തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുക ക്ലേശകരമായിരുന്നു. വി. കുർബാനയ്ക്കും മറ്റും സൗകര്യത്തിനുവേണ്ടി എടമുട്ടം പ്രദേശത്ത് ഒരു പള്ളി ഉണ്ടാകണമെന്ന് ദീർഘകാലമായി ആഗ്രഹിച്ചിരുന്നെങ്കിലും കുടുംബങ്ങൾ എണ്ണത്തിലും സാമ്പത്തികസ്ഥിതിയിലും കുറവായിരുന്നതിനാൽ അക്കാര്യം ഏറെ നീണ്ടുപോയി.

## ദേവാലയം

1969-ൽ അന്നത്തെ വലപ്പാട് വികാരിയായിരുന്ന ബഹു. ജെയിംസ് എളംകുന്നപ്പുഴയച്ചൻ ഈ ഉദ്യമത്തിന് തുടക്കം കുറിച്ചു. ഇപ്പോൾ പള്ളി സ്ഥിതി ചെയ്യുന്ന സ്ഥലം ആയിടെ തീറ് വാങ്ങി. തുടർന്ന് വികാരിയായി സ്ഥലം മാറിവന്ന ബഹു. പോൾ ചാഴൂർ അച്ചന്റെ നേതൃത്വത്തിൽ ക്രിസ്തുരാജ പള്ളിയുടെ നിർമ്മാണം ആരംഭിച്ചു. പണികൾ യഥാക്രമം പുരോഗമിച്ച് 1973-ൽ പണി പൂർത്തിയിലെത്തി. ജനങ്ങളുടെ ചിരകാലാഭിലാഷത്തിന്റെ പൂർത്തീകരണമായിരുന്നു, 1973 നവംബർ 18. അന്നേ ദിവസം തൃശ്ശൂർ രൂപതാമെത്രാൻ മാർ ജോസഫ് കുണ്ടുകുളം ദേവാലയത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. അതോടൊപ്പം ആഘോഷിച്ച മാദ്ധ്യസ്ഥ തിരുന്നാളിന് അഭിവന്ദ്യപിതാവുതന്നെ മുഖ്യകാർമ്മികത്വം വഹിച്ചു. വലപ്പാട് പള്ളിയുടെ കീഴിലുള്ള കുരിശുപള്ളിയായിരുന്നതിനാൽ വലപ്പാട് പള്ളി വികാരിമാർക്കായിരുന്നു, ഇതിന്റെ ചുമതല. 1978 ജനുവരിൽ ക്രിസ്തുരാജന്റെ തിരുശേഷിപ്പ് ഇവിടെ കൊണ്ടുവന്ന് സ്ഥാപിച്ചു.

## ഇടവക

1978-ൽ ഇരിങ്ങാലക്കുട രൂപത സ്ഥാപിതമായപ്പോൾ എടമുട്ടം ഈ രൂപതയുടെ അതിർത്തി പ്രദേശമായി. സ്വന്തമായി സിമിത്തേരി ഇല്ലാതിരുന്ന ഒരു പള്ളിയായിരുന്നതിനാൽ കുറച്ചുകാലം അസൗകര്യങ്ങൾ ഉണ്ടായിരുന്നു. പിന്നീട്, 1979 മുതൽ എടത്തിരുത്തി ഫൊറോന പള്ളിയുടെ കീഴിലുള്ള കുരിശുപള്ളിയായി മാറി. അങ്ങനെയിരിക്കെ 17.06.1979-ൽ ഇരിങ്ങാലക്കുട രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവ് 1/79, 500/79-ാം നമ്പർ കല്പനപ്രകാരം എടമുട്ടം ക്രിസ്തുരാജ ദേവാലയത്തെ ഇടവകയായി ഉയർത്തി. അന്ന് 51 കുടുംബങ്ങളാണ് ഇടവകയിൽ ഉൾപ്പെട്ടിരുന്നത്.

എടമുട്ടം പള്ളിയുടെ ചാർജ്ജുണ്ടായിരുന്ന എടത്തിരുത്തി ഫൊറോന പള്ളി വികാരി വെ. റവ.ഫാ. ആന്റണി പറോക്കാരനെ പ്രഥമ വികാരിയായി നിയമിക്കുകയും ചെയ്തു. സ്വന്തമായി സിമിത്തേരി ഇല്ലാതിരുന്നതിനാൽ വലപ്പാട് പള്ളിയുടെ സിമിത്തേരിയാണ് ഉപയോഗിച്ചിരുന്നത്. തുടർന്ന് എടത്തിരുത്തി ഫൊറോന വികാരിമാരാണ് നാളിതുവരെ അവിടെ നിയുക്തരായിട്ടുള്ളത്. ആദ്യകാലങ്ങളിൽ ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും മറ്റു വിശേഷാവസരങ്ങളിലും വെള്ളിയാഴ്ചകളിലും മാത്രമായിരുന്നു ഇവിടെ വി. കുർബാന അർപ്പിച്ചിരുന്നത്. ജനുവരിമാസത്തിൽ ക്രിസ്തുരാജന്റെ തിരുനാളും വി. സെബസ്ത്യാനോസിന്റെ തിരുനാളും സംയുക്തമായി ആണ്ടുതോറും സാഘോഷം കൊണ്ടാടിയിരുന്നു. എന്നാൽ, ഈയിടെയായി ക്രിസ്തുരാജന്റെ തിരുന്നാൾ നവംബർ മാസത്തിലാണ് ആഘോഷിക്കുന്നത്.

## മതബോധനഹാൾ

ഇടവകയാണെങ്കിലും ആദ്യകാലങ്ങളിൽ അനുബന്ധ സൗകര്യങ്ങൾ നന്നേ കുറവായിരുന്നു. മതബോധനവും മറ്റും പള്ളിയിലും പള്ളിപരിസരത്തുമായിട്ടാണ് നടത്തിയിരുന്നത്. ക്രമേണ വിവിധ



മതബോധനഹാൾ

സംഘടനകൾ രൂപംകൊണ്ടു. വെ. റവ. ആന്റണി ആലപ്പാട്ട് (Jr.) അച്ചന്റെ നേതൃത്വത്തിലാണ് വേദപാഠത്തിനുള്ള കെട്ടിടവും സ്റ്റേജും നിർമ്മിച്ചത്. വെ. റവ. ജോസ് പഴയാറ്റിലച്ചന്റെ കാലത്ത് കൂടുതൽ സൗകര്യപ്രദമായ മതബോധനഹാൾ (റവ. ഫാ. പോൾ ചാഴൂർ സ്മാരകം) പണിതു.

## ദേവാലയ നവീകരണം

പെ. ബഹു. ആന്റണി ആലപ്പാട്ട് അച്ചൻ (Jr.) വികാരിയായിരുന്ന കാലഘട്ടത്തിൽ (1987–90) ദേവാലയ നവീകരണം നടത്തി. സിമിത്തേരിക്കുവേണ്ട സൗകര്യവും ഇക്കാലത്തുതന്നെയാണ് ഉണ്ടാക്കാൻ സാധിച്ചത്. എങ്കിലും തടസം നേരിട്ടതിനാൽ സിമിത്തേരി പ്രവർത്തനക്ഷമമായില്ല. അനന്തരം ബഹു. ജോസ് യു. വാഴപ്പിള്ളിയച്ചൻ ഇടവകയുടെ പുരോഗതിക്കായി യത്നിച്ചു.

## ഗ്രോട്ടോ

പെ. ബഹു. ജോയ് കടമ്പാട്ടച്ചന്റെ ഉത്സാഹത്താൽ പി.പി. വിൽസൺ സ്പോൺസർ ചെയ്ത പരി. കന്യകാമാതാവിന്റെ ഗ്രോട്ടോ പണിയുകയുണ്ടായി. ഇടവക മദ്ധ്യസ്ഥനായ ക്രിസ്തുരാജനോടുള്ള ഭക്തി പരിപോഷിപ്പിക്കുന്നതിന് നൊവേന ആരംഭിച്ചത് പെ. ബഹു. ജോയ് കടമ്പാട്ടച്ചന്റെ കാലത്താണ്. തുടർന്ന് വന്ന പെ. ബഹു. ജോസ് പഴയാറ്റിലച്ചന്റെ നേതൃത്വത്തിലാണ് ഗ്രോട്ടോ മാതാവിന്റെ തിരുനാൾ തുടങ്ങിയത്.

## സംഘടനകൾ, സമ്മേളനങ്ങൾ

കാലാകാലങ്ങളിൽ ഇടവകയിൽ രൂപംകൊണ്ടിട്ടുള്ള വിവിധ സംഘടനകൾ സാമാന്യം ഭംഗിയായി പ്രവർത്തിക്കുന്നു. മതബോധനം വളരെ കാര്യ



പരി. ലൂർദ്ദുമാതാവിന്റെ ഗ്രോട്ടോ

ക്ഷമമാണ്. പെ. ബഹു. ജോസ് കാവുങ്കലച്ചന്റെ ശ്രമഫലമായി രൂപംകൊണ്ട കുടുംബസമ്മേളന യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ സജീവമാണ്. എടമുട്ടം ഇടവകയുടെ പുരോഗതിക്കായി വിലയേറിയസേവനം കാഴ്ചവച്ച പെ. ബഹു. വികാരിയച്ചന്മാരെയും, കൊച്ചന്മാരെയും കൃതജ്ഞതയോടെ സ്മരിക്കുന്നു. പള്ളി കൈക്കാരന്മാരുടെയും വിവിധ ഭാരവാഹികളുടെയും നേതൃത്വവും സഹകരണവും ശ്ലാഘനീയം തന്നെ. കേവലം, 51 കുടുംബങ്ങളോടെ എളിയ തോതിൽ സ്ഥാപിതമായ ഈ ഇടവക കാലാന്തരത്തിൽ 92 കുടുംബക്കാരുള്ള നല്ലൊരു ഇടവകയായി വളരാൻ അനുഗ്രഹിച്ച ദൈവത്തെ നിരന്തരം സ്മരിക്കാം. 2008 ജനുവരി മുതൽ ഇടവകയ്ക്ക് നേതൃത്വം നല്കുന്നത് വികാരി പെ. ബഹു. ജോയ് പുത്തൻവീട്ടിൽ അച്ചനും, ഇപ്പോഴത്തെ അസി. വികാരി ബഹു. അനിൽ പുതുശ്ശേരിയച്ചനാണ്.